(സി) 2015-16 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ട് വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്രകാരം വാങ്ങുന്ന മുറയ്ക്ക് കൊട്ടാരക്കര നിലയത്തിനും ഉപകരണങ്ങൾ ലഭ്യമാക്കുന്നതാണ്.

വി. എ. അരുൺ കുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം

249 (3761) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പി.സി. വിഷ്ണുനാഥ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ മകൻ വി.എ.അരുൺ കുമാറിനെതിരെ വിജിലൻസ് വകുപ്പ് നടത്തുന്ന വി.ഇ.4/2011/എസ്.സി.റ്റി, വി.ഇ.20/2011/എസ്.ഐ.യു-II എന്നീ നമ്പരുകളിലുള്ള കേസുകളുടെ നാളിതുവരെയുള്ള അന്വേഷണത്തിന്റെ പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(ബി) വി.എ.അരുൺ കുമാറിനെതിരെ 16-6-2011- ലെ ജി.ഒ.(എം.എസ്) 19/2011/വി.ജി.നമ്പർ പ്രകാരം ഉത്തരവിട്ട വിജിലൻസ് അന്വേഷണത്തിന്റെ ഇതുവരെയുള്ള പൂർണ്ണവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കേസിലെ പരാതിക്കാരനായ മുഖ്യമന്ത്രിയുടെ മൊഴി അന്വേഷണ ഉദ്യോഗസ്ഥൻ രേഖപ്പെടുത്തിയോ എന്ന വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി)

1. വി.ഇ. 4/2011/എസ്.സി.റ്റി.: 16.06.2011 തീയതിയിലെ ജി.ഒ. (എം.എസ്) 19/2011/വിജി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. വി. എ. അരുൺ കുമാറിനെതിരെ വിജിലൻസ് ഡയറക്ടർ നടത്തുന്ന വി. ഇ. 4/2011/എസ്.സി.റ്റി.-യിൽ അന്വേഷണം അന്തിമഘട്ടത്തിലാണ്.

2. വി.ഇ. 20/2011/എസ്.ഐ.യു. II: സന്തോഷ് മാധവൻ പൂജപ്പുര ജയിൽ സൂപ്രണ്ട് മുഖേന മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് സമർപ്പിച്ച പരാതിയിന്മേൽ 20-9-2011 തീയതിയിലെ 7967/ഇ 3/2011/വിജി. നമ്പർ കത്ത് പ്രകാരം വിജിലൻസ് അന്വേഷണത്തിന് ഉത്തരവാകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ വി. എ. അരുൺ കുമാറിനെതിരെ വി.ഇ. 20/2011/എസ്.ഐ.യു.-II-ൽ വിജിലൻസ് ഡയറക്ടർ അന്വേഷണം നടത്തുകയും 6-6-2012 തീയതിയിലെ T1(VE

LIBRARY ARCHIVES Kerala Legislative Assembly

20/11/SIU-II) 20763/2011 നമ്പർ കത്ത് പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും റിപ്പോർട്ടിന്റെ പകർപ്പ് ആഭ്യന്തര വകുപ്പിന്റെ സാമ്പത്തിക കുറ്റാന്വേഷണ വിഭാഗത്തെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനായി 7-8-2012-ലെ 7967/ഇ 3/11/വിജി. നമ്പർ കത്തിലൂടെ ആഭ്യന്തര വകുപ്പിന് നൽകുകയും ചെയ്തു.

(സി) രേഖപ്പെടുത്തിയിട്ടില്ല.

ബാർകോഴ കേസ്

250 (3762) ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീമതി കെ.എസ്.സലീഖ :
ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ കോഴ കേസിൽ വിജിലൻസ് ഡയറക്ടറെ രൂക്ഷമായി വിമർശിച്ച വിജിലൻസ് കോടതി ഉത്തരവിനെതിരെ ഹൈക്കോടതിയിൽ റിവിഷൻ ഹർജി നൽകാൻ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) സ്വകാര്യ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രതിയെ കുറ്റവിമുക്തമാക്കിയ വിജിലൻസ് ഡയറക്ടറുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കാതെ, കോടതി ഉത്തരവിനെതിരെ റിവിഷൻ ഹർജി നൽകാൻ അനുമതി നൽകിയ നടപടി നിയമം അനുശാസിക്കുന്ന തരത്തിലാണോ; വിശദമാക്കുമോ;

(സി) വിജിലൻസ് ഡയറക്ടർ ഇക്കാര്യത്തിൽ സ്വകാര്യ നിയമോപദേശം തേടുന്നതിനു മുമ്പ് അഡ്വക്കേറ്റ് ജനറലിന്റെ അനുമതി വാങ്ങിയിരുന്നുവോ; സ്വകാര്യ നിയമോപദേശം നൽകിയവർക്ക് ഫീസ് ഇനത്തിൽ നൽകേണ്ടതായ മൊത്തം തുക എത്രയെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാരിന്റെ അനുമതിയോടെയാണ് റിവിഷൻ ഹർജി ബഹു. ഹൈക്കോടതിയിൽ നൽകിയത്.

(ബി) സ്വകാര്യ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ കുറ്റാരോപിതനായ വ്യക്തിയെ കുറ്റവിമുക്തനാക്കിയിട്ടില്ല. ബഹു. വിജിലൻസ് കോടതിയുടെ വിധിയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനത്തെ തന്നെ ബാധിക്കുന്ന തരത്തിൽ വിജിലൻസ്

LIBRARY ARCHIVES Kerala Legislative Assembly